(സി) സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ കേന്ദ്ര സർക്കാർ ഇളവുകൾ അനുവദിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ. II-ൽ ഉൾപ്പെടുത്തി 570 കി.മീ. ദൈർഘ്യം വരുന്ന പുതിയ റോഡുകളുടെ പാക്കേജ് സമർപ്പിക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽനിന്നും നേടിയെടുക്കാൻ കഴിഞ്ഞു.

(ഡി) പി.എം.ജി.എസ്.വൈ. ഒന്നാം ഘട്ടത്തിൽ, ഏറ്റെടുത്ത ഏതാനും പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. ടി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഇന്ദിരാ ആവാസ് യോജന

20 (2848) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജനയുടെ നടത്തിപ്പിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേരിടേണ്ടി വന്ന അധിക ബാദ്ധ്യത നികത്തുന്നതിനായി എന്തെല്ലാം പ്രഖ്യാപനങ്ങളാണ് നടത്തിയത് എന്നറിയിക്കാമോ;

(ബി) അവയിൽ നടപ്പാക്കപ്പെട്ടത് ഏതൊക്കെ; ഇവയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) എത്ര തുകയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികബാദ്ധ്യത യായി വന്നിട്ടുള്ളത് എന്ന് കണക്കാക്കിയിട്ടുണ്ടോ; അതിൽ എത്ര തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയെന്നറിയിക്കാമോ?

ഉത്തരം

(എ-സി) ഐ.എ.വൈ. പദ്ധതിയുടെ നടത്തിപ്പിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2011-12-ലും 2012-13-ലും വീടുകൾക്ക് 75,000 രൂപ ക്രമത്തിലും 2013-14 മുതലുള്ള വീടുകൾക്ക് 50,000 രൂപ ക്രമത്തിലും അധിക സംസ്ഥാന വിഹിതം നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ½ ലക്ഷം രൂപ പട്ടിക വർഗ്ഗ വികസന വകുപ്പിൽനിന്നും, പട്ടികജാതി വിഭാഗങ്ങൾക്ക് 1 ലക്ഷം രൂപ പട്ടികജാതി വികസന വകുപ്പിൽനിന്നും അധികമായി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. അധിക സംസ്ഥാന വിഹിതം നൽകുന്നതുമൂലം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേരിടേണ്ടിവന്ന അധിക ബാദ്ധ്യത നികത്തുന്നതിനായി 500 കോടി രൂപ അനുവദിക്കുകയും, 300 കോടി രൂപ ബ്ലോക്ക് പഞ്ചായത്തുകളിൽനിന്ന് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അധിക സംസ്ഥാന വിഹിത ഇനത്തിൽ 62.86 കോടി രൂപ കുടിശ്ശിക നൽകാൻ ഉണ്ട്. ഈ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly